## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 7** **11.06.2012 ലെ മറുപടിക്ക്**

### വാണിജ്യ നികുതി പരാതി സെൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>,, കെ. മുരളീധരൻ<br>,, കെ. അച്ചുതൻ<br>,, ഡൊമിനിക് പ്രസന്റേഷൻ | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ വിഭവ സമാഹരണം ശക്തിപ്പെടുത്തുന്നതിനും നികുതി സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) അധിക വിഭവസമാഹരണം ശക്തിപ്പെടുത്തുന്നതിലേക്കായി 2012-13 വർഷത്തെ ബഡ്ജറ്റിൽ താഴെ പറയുന്ന കാര്യങ്ങൾ നിർദ്ദേശിക്കുകയുണ്ടായി.<br>• വാറ്റിന്റെ പൊതുനിരക്കുകളായ 4 ശതമാനം, 12.5 ശതമാനം എന്നിവ 5 ശതമാനം, 13.5 ശതമാനം എന്നിവയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിൽ നിന്നും 1000 കോടി രൂപ അധികവരുമാനമായി പ്രതീക്ഷിക്കുന്നു<br>• സിഗററ്റിന്റെ നികുതി നിരക്ക് 12.5 ശതമാനത്തിൽ നിന്നും 15 ശതമാനമായി വർദ്ധിപ്പിച്ചു. മറ്റു പുകയില ഉൽപ്പന്നങ്ങളുടെ നികുതി നിരക്ക് 20 ശതമാനത്തിൽ നിന്നും 22.5 ശതമാനമായി വർദ്ധിപ്പിച്ചു. ഇതിൽ നിന്നും 76കോടി രൂപ അധികവരുമാനമായി പ്രതീക്ഷിക്കുന്നു.<br>• വിദേശമദ്യത്തിന്റെ നികുതിയിന്മേലുള്ള സാമൂഹിക സുരക്ഷാ സെസ്സ് 6 ശതമാനത്തിൽ നിന്നും 10 ശതമാനമായി വർദ്ധിപ്പിച്ചതിലൂടെ 90 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു.<br>• സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോ |

ഗിക്കുന്ന വാഹനങ്ങളുടെയും പ്രൈവറ്റ് സർവ്വീസ് വാഹനങ്ങളുടെയും റോഡ് ടാക്സ് നിരക്ക് പരിഷ്ക്കരിച്ചത് മൂലം 115 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

- കാര്യക്ഷമതയോടുകൂടിയുള്ള ടാക്സ് കംപ്ലയൻസ് ഉറപ്പാക്കുന്നതിനായി വിവിധ നടപടികളുടെ ലഘൂകരണം നടത്തുന്നതിന് പ്രാമുഖ്യം നൽകുന്നുണ്ട്.
- സംസ്ഥാനത്തിന്റെ വിവിധ തരം നികുതികളുടെ പിരിവിനെ സംബന്ധിച്ച നടപടികൾ മോണിറ്റർ ചെയ്യുന്നതിന് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ധനകാര്യമന്ത്രി ചെയർമാനായി ഒരു ടാക്സ് മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്.

നികുതി നിർണ്ണയാധികാരി തനിക്കു ലഭിക്കുന്ന എല്ലാ റിട്ടേണുകളും സ്ക്രൂട്ടിനി ചെയ്യുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. സ്ക്രൂട്ടിനിയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഉയർന്ന അധികാരിയുടെ ഓവർചെക്കിംഗ് സംവിധാനം നടപ്പിലാക്കി. ഇന്റലിജൻസ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുവാൻ സാധിച്ചിട്ടുണ്ട്. ചെക്ക്പോസ്റ്റ് നിരീക്ഷണം ശക്തമാക്കി. പുത്തൻ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നികുതിവെട്ടിപ്പ് കണ്ടെത്തുന്നതിനും തടയുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനും വകുപ്പിന്റെ കാര്യക്ഷ

മത വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

വ്യാപാരികളുടെ നികുതി സംബന്ധമായ പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹരിക്കുന്നതിനും സംസ്ഥാന തലത്തിൽ ഗ്രീവൻസ് റിഡ്രസൽ ബ്യൂറോ രൂപീകരിച്ചു. കൂടാതെ എല്ലാ മാസവും ആദ്യ ബുധനാഴ്ചയിൽ ജില്ലാതലത്തിൽ വ്യാപാര സൗഹൃദ ദിനം ആചരിക്കുവാനും അവരുടെ പ്രശ്നങ്ങൾ ഡെപ്യൂട്ടി കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ ചർച്ച ചെയ്യുവാനും പ്രശ്നങ്ങൾക്ക് പരിഹാരം തേടുവാനും സൗകര്യം ഏർപ്പെടുത്തി. അപ്രകാരം ജില്ലാതലയോഗം കൂടുന്നുണ്ട്.

ധനകാര്യമന്ത്രിയുടെവെബ്സൈറ്റിൽ പൊതുജനങ്ങൾക്ക് പരാതി നൽകുവാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതിനായി വാണിജ്യ നികുതി പരാതി സെൽ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ ;

(ബി) വ്യാപാരികളുടെ പരാതികൾ ഉന്നത അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ഒരു സംവിധാനം ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ജി.ഒ.(ആർ.ടി)-നം.839/2011/ടി.ഡി. തീയതി 22/11/2011 പ്രകാരം പരാതിപരിഹാരസെൽ രൂപീകരിച്ചിട്ടുണ്ട്.

(സി) എങ്കിൽ അതിന്റെ ഘടന എപ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ധനകാര്യ വകുപ്പ് മന്ത്രി ചെയർമാനായ സ്ഥിരം സംവിധാനമാണിത്. വാണിജ്യ നികുതി കമ്മീഷണർ കൺവീനറും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ, നികുതി സെക്രട്ടറി എന്നിവർ അംഗങ്ങളും ആണ്. 21 അംഗ പരാതി പരിഹാര ബ്യൂറോയിൽ ഇവരെക്കൂടാതെ വിവിധ തുറകളിലെ വ്യാപാര പ്രതിനിധികളും

അംഗങ്ങളായിരിക്കുന്നു.

| | | | |
|---|---|---|---|
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (ഡി) | ധനകാര്യ വകുപ്പു മന്ത്രി അദ്ധ്യക്ഷനായ പ്രസ്തുത ബ്യൂറോയുടെ പ്രഥമയോഗം 21-12-2011 ൽ നടന്നു. വ്യാപാരി പ്രതിനിധികളുടെ പരാതികൾ സ്വീകരിക്കുകയും പരിഹാരനടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ